കേരള സർക്കാർ

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

www.ksad.kerala.gov.in

# പടിഞ്ഞാറേ കല്ലട ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2018-19


**കേരള സംസ്ഥാന ഓഡിറ്റ് കൊല്ലം ജില്ലാ**

**ജില്ലാ ഒാഡിറ്റ് കാര്യാലയം, കൊല്ലം**

**e-mail:doklm.ksad@kerala.gov.in**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ.കെ.എൽ.എം/പി10/430/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം ജില്ല

തീയതി.20.05.2020

**ഡെപ്യൂട്ടി ഡയറക്ടർ**

**പ്രസിഡന്റ് (സെക്രട്ടറി മുഖേന)**

പടിഞ്ഞാറേ കല്ലട ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പടിഞ്ഞാറേ കല്ലട ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ

ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പടിഞ്ഞാറേ കല്ലട ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1, ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

**ഡെപ്യൂട്ടി ഡയറക്ടർ**

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം

3)കാര്യാലയ പകർപ്പ്

നം കെ.എസ്.എ.കെ.എൽ.എം /പി10/430/20202019, തീയതി:20.5.2020

**കൊല്ലം ജില്ലയിലെ പടിഞ്ഞാറേ കല്ലട ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

കൊല്ലം ജില്ലയിലെ പടിഞ്ഞാറേകല്ലട ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 01.04.18 മുതൽ 31.01.2020 തീയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും , സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട്

കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ.കെ സൈമൺ | |
| | | ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 10.02.2020 മുതൽ 19.02.2020 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീമതി.ജി സിന്ധു | ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ) |
| | | ശ്രീമതി.റ്റി. സിന്ധു | അസിസ്റ്റന്റ്ഓഡിറ്റ് ഓഫീസർ |
| | | ശ്രീമതി. അമ്പിളി ജി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | | ശ്രീമതി.അനു.കെ ആനന്ദ് | ഓഡിറ്റർ |

**ബി)നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ശുഭ ജി | 01.04.18 മുതൽ 31.03.19 വരെ |
| സെക്രട്ടറി | ശ്രീമതി. സീമ കെ | 01.04.18 മുതൽ 31.03.19 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. വി ജയകുമാർ | 01.04.18 മുതൽ 31.03.19 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. രതീഷ് കുമാർ ആർ | 01.04.18 മുതൽ 31.03.19 വരെ |
| | ശ്രീമതി.സാബുനിസ എ | 01.04.18 മുതൽ 24.10.18 വരെ |
| മെഡിക്കൽ ഓഫീസർ പി എച്ച് സി | ഡോ.ലക്ഷ്മി പ്രിയ എസ് | 01.04.18 മുതൽ 10.01.19 വരെ |
| | ഡോ.സവിത | 11.01.19 മുതൽ 31.03.19 വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ.അനീഷാ കെ എസ് | 01.04.18 മുതൽ 31.03.19 വരെ |
| മെഡിക്കൽ ഓഫീസർ | ഡോ.ഷിമ്മി എസ് രാജ് | 01.04.18 മുതൽ |

| | | |
|---|---|---|
| ആയുർവേദം | | 31.03.19 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി സംഗീത | 01.04.18 മുതൽ 31.03.19 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.സുനിത എസ് | 01.04.18 മുതൽ 17.01.19 വരെ |
| | ശ്രീ.അരുൺ സുഗതൻ | 18.01.19 മുതൽ 31.03.19 വരെ |
| വെറ്ററിനറി സർജൻ | ഡോ.വിജയ് വി | 01.04.18 മുതൽ 31.03.19 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.സുനിൽ കുമാർ എസ് | 01.04.18 മുതൽ 31.03.19 വരെ |
| എച്ച്.എം | ശ്രീമതി.മേഴ്സി സി ജെ | 01.04.18 മുതൽ 31.03.19 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി ഷീബാ ഫ്രാൻസിസ് | 01.04.18 മുതൽ 31.03.19വരെ |

## ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| | ഓഡിറ്റ് റിപ്പോർട്ട് | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കിലെ അപാകതകൾ | 1-11 |
| 12 | ലൈബ്രറിയുടെ പ്രവർത്തനം കാര്യക്ഷമമല്ല. | 1-12 |
| 13 | തൊഴുത്ത് നവീകരണം | 1-13 |
| 14 | സമയപരിധിക്ക് ശേഷം ടൂർ ടി.എ അനുവദിച്ച് നൽകി | 1-14 |
| 15 | ശാസ്താം കോട്ട തടാക സംരക്ഷണ ഹരിത തീരം പദ്ധതി -- | 1-15 |

| | | |
|---|---|---|
| | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | |
| 16 | എൽ.ഇ.ഡി സ്ട്രീറ്റ് ലൈറ്റ് സിസ്റ്റം വാങ്ങി സ്ഥാപിക്കൽ(എസ്.സി.പി)-കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനത്തെ ഒഴിവാക്കി | 1-16 |
| 17 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല-ചെലവ് തുക തടസ്സപ്പെടുത്തുന്നു | 1-17 |
| 18 | ഇ.എം.എസ് ഭവന പദ്ധതി അക്കൌണ്ടിൽ ശേഷിച്ച തുക തനത് ഫണ്ടിൽ മുതൽക്കൂട്ടിയത്-സർക്കാരിലേയ്ക്ക് തിരിച്ചടിക്കണം | 1-18 |
| 19 | തറയിൽമുക്ക്-പള്ളത്ത് മേലതിൽറോഡ് സംരക്ഷണഭിത്തി നിർമ്മാണവും മണ്ണ് ഫില്ലിംഗും -പണി പൂർത്തീകരിച്ചിട്ടില്ല | 1-19 |
| 20 | പാലിന് സബ്സിഡി അധികം തുക നൽ്കി | 1-20 |
| 21 | എസ്. സി കുട്ടികൾക്ക് ഫർണ്ണിച്ചർ | 1-21 |
| 22 | തൊഴിലുറപ്പ് പദ്ധതി-അംഗൻവാടി നിർമ്മാണത്തിന് തുക നൽകിയെങ്കിലും പണി നടന്നില്ല | 1-22 |
| | **ഭാഗം 2** | |
| | **വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| | ഇല്ല | |
| | **ഭാഗം 3** | |
| | **ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 23 | തൊഴിലുറപ്പ് പദ്ധതി-അംഗൻവാടി നിർമ്മാണത്തിന് തുക നൽകിയെങ്കിലും പണി നടന്നില്ല | 3-1 |
| 24 | പാലിന് സബ്സിഡി-അധിക തുക നൽകി | 3-2 |
| | **ഭാഗം 4** | |
| | **പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 25 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 26 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 27 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 28 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 29 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 30 | ഓഡിറ്റ് റിക്കവറി | 4-6 |
| 31 | സ്ഥിര നിക്ഷേപം. | 4-7 |
| 32 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| | | |

| | | |
|---|---|---|
| 33 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 34 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 35 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| 36 | ഓഡിറ്റ് സാക്ഷ്യപത്രം, 2018 – 2019 | അനുബന്ധം 1 |
| 37 | അനുബന്ധപത്രികകൾ | അനുബന്ധം 2 |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

27-3-2018 തീയതിയിലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-5-19 | 21-5-19 | 30-05-19 | 19-6-19 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 3176246 |
| വരവ് | 74356931 |
| ആകെ | 77533177 |
| ചെലവ് | 65237805 |
| നീക്കിയിരിപ്പ് | 12295372 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 11680665 | 11680665 | 11680665 | 0 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 10498000 | 10498000 | 9070712 | 1427288 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 111000 | 111000 | 0 | 111000 |
| മെയിന്റനൻസ്,റോഡ് (ACR പ്രകാരം) | | 0 | 4956000 | 4956000 | 4493116 | 462884 |
| മെയിന്റനൻസ്,നോൺ-റോഡ് (ACR പ്രകാരം) | | 0 | 4029000 | 4029000 | 2849109 | 1179891 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 7667893 | 7667893 | 4989903 | 2677990 |
| സാക്ഷരത | | 1728 | 71 | 1799 | - | 1799 |
| ദുരിതാശ്വാസനിധി | | 4722 | 382967 | 387689 | 261340 | 126349 |
| എം.ജി.എൻ. ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 33917691 | 33917691 | 33917691 | |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 1872 | 721055 | 722927 | 721912 | 1015 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ റ്റി.എസ്.സി | | 756000 | - | 756000 | - | 756000 |
| icdsകേന്ദ്രവിഹിതം | | 1589720 | 926725 | 2516445 | 923584 | 1592870 |
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| പശ്ചിമഘട്ട വികസന പദ്ധതി | | 32268 | 0 | 32268 | 0 | 32268 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 664449 | 2612461 | 3276910 | 2806566 | 470344 |
| | ജില്ലാ പഞ്ചായത്ത് | 363161 | 1942480 | 2305641 | 2217638 | 88003 |
| ബി ഫണ്ട് | | 0 | 513120 | 513120 | 513120 | 0 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 70879 | 15747416 | 15818295 | 15646749 | -171546 |
| | ട്രഷറി അക്കൗണ്ട് | -308553 | 18427131 | 18118578 | 8720308 | 9398270 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 152 | 83199949 | 111 | 51215148 | 8 | 33 | 61.5% |

ഗ്രാമപഞ്ചായത്തിന്റെ വികസന , ക്ഷേമ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പാക്കുന്നതിൽ വിവിധ നിർവ്വഹണോദ്യോഗസ്ഥർ കൈവരിച്ച നേട്ടത്തിന്റെ വിശകലനം ഇതോടൊപ്പം ചേർക്കുന്നു.

| നിർവഹണ ഉദ്യോഗസ്ഥന്റെ വിവരം | ഏറ്റെടുത്ത പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകൾ | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 34 | 28 | 8453030 | 6073879 | 71.8 |
| അസി.സെക്രട്ടറി | 5 | 5 | 2337437 | 2266467 | 96.9 |
| അസി.എഞ്ചിനീയർ | 61 | 45 | 20818498 | 13118864 | 63 |
| കൃഷിഓഫീസർ | 10 | 9 | 1058400 | 949700 | 84.72 |
| വെറ്റിനറി സർജൻ | 10 | 10 | 1523580 | 3283830 | 43.6 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 3 | 3 | 731600 | 601970 | 82 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 2 | 2 | 570800 | 570800 | 100 |
| മെഡിക്കൽ ഓഫീസർ(ഹോമിയോ) | 1 | 1 | 150000 | 150000 | 100 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 725000 | 675000 | 93 |
| ഐ.സി.ഡി.എസ് | 7 | 7 | 4568254 | 4247935 | 92.9 |

| | | | | | |
|---|---|---|---|---|---|
| സൂപ്പർവൈസർ | | | | | |
| വി.ഇ.ഒ | 8 | 7 | 34518333 | 17732183 | 51.37 |
| എച്ച്.എം | 7 | 4 | 1745020 | 1544520 | 88.5 |

കാർഷിക മേഖലകളുടെ പുനരുജ്ജീവനത്തിനും ഉല്പാദനവർദ്ധനവിനും ഉതകുന്ന തരത്തിലുള്ള പ്രോജക്ട് ആശയങ്ങൾക്ക് രൂപം കൊടുത്തുകൊണ്ട് ഏറ്റെടുത്ത പ്രോജക്ടുകൾ പൂർണ്ണമായും നടപ്പാക്കിയെങ്കിലും തുക മുഴുവൻ ചെലവഴിച്ച് പദ്ധതി പൂർണ്ണമായി ലക്ഷ്യപ്രാപ്തിയിലേത്തിക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥന് കഴിഞ്ഞിട്ടില്ല. മൃഗസംരക്ഷണ മേഖലയിൽ ജനറൽ വിഭാഗത്തിലും പ്രത്യേക ഘടക പദ്ധതിയിൻകീഴിലും ഏറ്റെടുത്ത പ്രോജക്ടുകൾ പൂർണ്ണമായും ലക്ഷ്യം കൈവരിച്ചിട്ടില്ല.

സേവനമേഖലയിൽ അസി.സെക്രട്ടറി, വി.ഇ.ഒ, ഐ.സി.ഡി.എസ് സൂപ്പർവൈസർ എന്നിവർ ഏറ്റെടുത്ത പ്രോജക്ടുകൾ പൂർണ്ണമായി ലക്ഷ്യപ്രാപ്തിയിലെത്തിക്കാൻ സാധിച്ചിട്ടില്ല. പശ്ചാത്തലമേഖലയിൽ ഏറ്റെടുത്ത പ്രോജക്ടുകൾ പൂർണ്ണമായി നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. 2018-19 വർഷം പശ്ചാത്തലമേഖലയിലെ പ്രോജക്ട് നിർവ്വഹണം 63% മാത്രമേ നിർവ്വഹിക്കാൻ കഴിഞ്ഞിട്ടുള്ളൂ.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 33917691 | 33917691 | 33917691 | |
| ഭരണചെലവുകൾ | 1872 | 721055 | 722927 | 721912 | 1015 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 333120 | 188 |
| കർഷകതൊഴിലാളി പെൻഷൻ | 4462800 | 334 |
| വിധവാപെൻഷൻ | 9587900 | 788 |
| വാർദ്ധക്യകാലപെൻഷൻ | 15851200 | 1324 |
| വികലാംഗപെൻഷൻ | 4083400 | 318 |
| വിധവകളുടെ പെൺമക്കൾക്കുള്ള | 180000 | 6 |

| | | |
|---|---|---|
| ധനസഹായം | | |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള ധനസഹായം | 230000 | 18 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.02.2020 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4,862/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 അഭ്യന്തരനിയന്ത്രണം

വിവിധ വിഭാഗം ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലിവിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. പേമെന്റ് ഓർഡറുകൾ യഥാസമയം ചെയ്ത് ചെലവ് ആധികാരികമാക്കുകയും സാംഖ്യ വൗച്ചറുകൾ നമ്പർ ക്രമത്തിൽ സൂക്ഷിക്കുകയും ചെയ്യുന്നു. കണക്കുകൾ ബന്ധപ്പെട്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പരിശോധിച്ച് അംഗീകരിക്കുന്നു. വാങ്ങലുകൾ പർച്ചേസിംഗ്/പ്രൊക്യൂർമെന്റ് കമ്മിറ്റികളുടെ ചുമതലയിൽ നിർവ്വഹിക്കുന്നുവെങ്കിലും വാങ്ങലുകളിൽ പലപ്പോഴും ക്രമരഹിത നടപടി ക്രമങ്ങൾ സ്വീകരിച്ചുകാണുന്നു. തെരുവുവിളക്കുകളുടെ എണ്ണം, തരം ഇവ കൃത്യമാക്കി രേഖപ്പെടുത്തിയ സ്റ്റോക്ക് രജിസ്റ്റർ പരിപാലിച്ചിട്ടില്ല. ആയതിനാൽ തെരുവുവിളക്ക് പരിപാലന ത്തിനായി ചെലവഴിക്കുന്ന തുകയ്ക്ക് ആധികാരികത ഇല്ല. ആസ്തികളുടെ പരിശോധന നടത്തി രേഖകളുമായുള്ള പൊരുത്തപ്പെടുത്തൽ ഉറപ്പാക്കുന്നില്ല. റോഡ്കണക്റ്റിവിറ്റി പ്ലാൻ, സോഷ്യൽമാപ്പ് ഇവ കാലികമല്ല. ധനമിടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നല്ല രീതിയിൽ പര്യാപ്തമാക്കുന്നതിനുമായി ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണസംവിധാനം കൂടുതൽ ശക്തിപ്പെടുത്തേണ്ടതാണ് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27-01-2020 | 2019-20 | 27-01-2020 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 10-12-2019 | 2014-15 മുതൽ 2018-19 വരെ | 17-01-2020 |

## 1-11 വാർഷികധനകാര്യപത്രികയിലെ അപാകതകൾ

1.Development fund general-ന്റെ ആകെ വരവായി RP statement-ൽ കാണിച്ചിരിക്കുന്നത് 11680665/-രൂപ ആണ്. എന്നാൽ ആയതിനേക്കാൾ കൂടിയ തുകയാണ്. (12266433/-) റവന്യൂ ചെലവായി കാണിച്ചിരിക്കുന്നത്.

2.ബാലൻസ് ഷീറ്റിന്റെ liability side-ൽ പഞ്ചായത്ത് ദുരിതാശ്വാസനിധി ആയി 17,415/-രൂപയും donation to flood ആയി 1,38,259/-രൂപയും രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ബി - 17 ബാങ്ക് ബാലൻസിൽ ആയത് 126349/-രൂപ മാത്രമേ ആസ്തിയായി രേഖപ്പെടുത്തിയിട്ടുള്ളൂ.

3.ആർ.പി-45-ൽ Pre-Paid Programme expense തൻവർഷം ചെലവ് രേഖപ്പെടുത്തിയിട്ടില്ല. മുൻവർഷത്തെ ബാലൻസ് ഒഴിവാക്കി വരുമ്പോൾ 8322455. (HUDCO loan ചെലവ്) ബാലൻസ് ഷീറ്റിൽ കാണിക്കുന്നുണ്ട്.

4.NREGS തൊഴിൽ കൂലി ഇനത്തിൽ നൽകിയ തുക വാർഷികകണക്ക് പ്രകാരം 33918548/-രൂപയും രജിസ്റ്റർ പ്രകാരം 33917691/-രൂപയും ആണ്. 857/-രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

5.ബാലൻസ്ഷീറ്റിലെ Capital work in progress എന്ന ഹെഡിൽ രേഖപ്പെടുത്തിയിരിക്കുന്ന 1134994/-രൂപയുടെ കൃത്യത പരിശോധിക്കാനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

6.Liability in respect of stale cheques എന്ന ഹെഡിൽ രേഖപ്പെടുത്തിയിരിക്കുന്ന 5,000/-രൂപയുടെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

7.Advance to Property tax on residential Buildings 1083/-രൂപയുടെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

8.സംയുക്ത പ്രോജക്ടിനുള്ള വരവ് - ചെലവ് തുകകൾ സുലേഖ സ്റ്റേറ്റ്മെന്റും ട്രഷറി സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല.

9.Other construction-ന്റെ depreciation കണക്കാക്കിയപ്പോൾ 01.10.2018 മുതൽ 31.3.2019 വരെയുള്ള ആസ്തിയായി ചേർത്തിരിക്കുന്ന 964263/-രൂപയുടെ വിവരങ്ങൾ ലഭ്യമാക്കിയില്ല.

10.ബി.11- Movable assets furniture ഹെഡിൽ 2237488/-രൂപയിൽ 255998/-രൂപയുടെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

11.Profession tax- ൽ രജിസ്റ്ററിലുള്ള 1250/-രൂപയുടെ advance collection B9, RP -36 എന്നിവയിൽ ഉൾപ്പെടുത്തിയില്ല.

## 1-12 ലൈബ്രറിയുടെ പ്രവർത്തനം കാര്യക്ഷമമല്ല.

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ലൈബ്രറി നേരിട്ട് പരിശോധിച്ചപ്പോൾ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 1324 ബുക്കുകൾ സ്റ്റോക്കുണ്ട്. എന്നാൽ നിലവിൽ എണ്ണൂറോളം ബുക്കുകൾ മാത്രമേ ലൈബ്രറിയിൽ സൂക്ഷിച്ചിട്ടുള്ളൂ. വിതരണ രജിസ്റ്റർ പ്രകാരം 12 ബുക്കുകൾ മാത്രമാണ് നിലവിൽ വിതരണം ചെയ്തിട്ടുള്ളത്. കൂടാതെ ലൈബ്രറിയിലെ ഫർണിച്ചറുകൾ പൊടി പിടിച്ച് വലിച്ചുവാരിയിട്ട നിലയിലാണ് സൂക്ഷിച്ചിരിക്കുന്നത്.

18.01.2014 ന ശേഷം ലൈബ്രറിയുടെ വരവിനത്തിൽ ലഭിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | തുക | രസീത് നം./ തീയതി |
|---|---|---|
| 1 | 100 | 117130100474/01.07.17 |
| 2 | 50 | 117130100506/11.07.17 |
| 3 | 200 | 11830102299/22.01.2019 |

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ തിരികെ ലഭിക്കാനുള്ള പുസ്തകങ്ങൾ തിരികെ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും ലൈബ്രറിയുടെ കാലിക പ്രസക്തി കണക്കിലെടുത്ത് പുതിയ പ്രൊജക്ട് വച്ച് ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതാണെന്നും അറിയിച്ചു.

പഞ്ചായത്ത് ലൈബ്രറിയുടെ നിലവിലുള്ള പുസ്തകങ്ങളും ഫർണിച്ചറുകളും ഉപയോഗയോഗ്യമായ രീതിയിൽ സൂക്ഷിച്ച് ലൈബ്രറിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം.05/17.02.2020

## 1-13 തൊഴുത്ത് നവീകരണം-ചെയ്യാത്ത പ്രവൃത്തിയ്ക്ക് തുക നൽകി

നിർവഹണ ഉദ്യോഗസ്ഥൻ -വെറ്റിനറി സർജൻ

പ്രോജക്ട് നമ്പർ – 46

പ്രോജക്ട് -തൊഴുത്ത് നവീകരണം

അടങ്കൽ – 14,00,000/-രൂപ

ചെലവ് – 4,50,000/-രൂപ

ബിൽ നമ്പർ – pcs 3/18-19/19-12-2018

തൊഴുത്ത് നവീകരണം എന്ന പ്രോജക്ടിൽ 25000/- രൂപ (ബിൽ നം-3/18-19/19.12.18) ആനുകൂല്യം ലഭിച്ച രാധദേവിയമ്മ കുഴറ തെക്കതിൽ (വാർഡ് നമ്പർ V111) എന്നയാളുടെ

വീട്ടിൽ 17.2.2020 തീയതിയിൽ നടത്തിയ പ്രാദേശിക പരിശോധനയിൽ തൊഴുത്ത് നവീകരിച്ചിട്ടില്ല എന്നും മൂത്രതൊട്ടി ആയി ഒരു റിംഗ് മാത്രം സ്ഥാപിച്ചിട്ടുണ്ടെന്നും നിലവിൽ ഉണ്ടായിരുന്ന ചാണകക്കുഴി, തൊഴുത്ത് എന്നിവ വൈറ്റ് സിമന്റ് തേക്കുക മാത്രമാണ് ചെയ്തിട്ടുള്ളതെന്നും ബോധ്യപ്പെട്ടു. എന്നാൽ പടിഞ്ഞാറേ കല്ലട മൃഗാശുപത്രി ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ ആയ ശ്രീമതി.ലത ചാണകക്കുഴി, മൂത്രതൊട്ടി എന്നിവ പുതിയതായി നിർമ്മിച്ചു എന്ന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ആയതിന് ഓവർസിയർ 53977/- രൂപയുടെ വാല്യുവേഷൻ നൽകിയതനുസരിച്ച് 25000/- രൂപ നൽകിയിട്ടുണ്ട്. നിലവിലുണ്ടായിരുന്ന നിർമ്മാണം ഭേദഗതി വരുത്തിയ ശേഷം പുതിയ നിർമ്മാണം നടത്തിയതായി കാണിച്ച് ചെയ്യാത്ത പ്രവൃത്തിക്ക് തുക നൽകിയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ഓവർസിയർ നൽകിയ വാല്യുവേഷൻ അനുസരിച്ചാണ് തുക നൽകിയത് എന്ന് വെറ്ററിനറിസർജൻ മറുപടി നൽകി. പണി ചെയ്തിട്ടുണ്ടെന്ന് ബോദ്ധ്യപ്പെട്ടതിനാലാണ് തുക നൽകിയതെന്ന മറുപടിയാണ് ഓവർസിയർ നൽകിയത്. ആയത് അംഗീകരിക്കുന്നില്ല. ഓരോ പ്രവൃത്തിയും കൃത്യമായി എസ്റ്റിമേറ്റ് എടുക്കുകയും ആയതിനനുസരിച്ച് വാല്യുവേഷൻ തയ്യാറാക്കി നൽകാനും ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം-5/17.2.2020

## 1-14 സമയപരിധിക്ക് ശേഷം ടൂർ ടി.എ അനുവദിച്ച് നൽകി

കേരള ഫിനാൻഷ്യൽ കോഡ് ,ആർട്ടിക്കിൾ 53(ബി) (6)പ്രകാരം യാത്രാബത്ത,യാത്ര നടത്തിയ മാസത്തിന്റെ തൊട്ടടുത്ത മാസത്തിന്റെ ഒന്നാംതീയതി മുതൽ ഒരു വർഷത്തിനകം അവകാശപ്പെട്ടിരിക്കേണ്ടതും,കെ.എസ്.ആർ വാല്യം 1, പാർട്ട് 2, ചട്ടം5എ പ്രകാരം അർഹമായ തീയതി മുതൽ രണ്ട് വർഷത്തിനകം തുക മാറിയിരിക്കണം. കേരള ഫിനാൻഷ്യൽ കോഡ് , ആർട്ടിക്കിൾ 56(ബി2) പ്രകാരം രണ്ട് വർഷത്തിന് ശേഷം സർക്കാരിന്റെ പ്രത്യേക അനുമതിയുണ്ടെങ്കിലേ തുക മാറാനാകു എന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഈ നിർദ്ദേശങ്ങൾക്കെല്ലാം വിരുദ്ധമായി സമയ പരിധിക്ക് ശേഷം ടൂർ ടി.എ അനുവദിച്ച് നൽകി. വിശദ വിവരം ചുവടെ ചേർക്കുന്നു. 2015 ഡിസംബർ മാസം മുതൽ 2017 ഏപ്രിൽ വരെ യാത്ര നടത്തിയതിന് യാത്രാബത്ത അനുവദിച്ചതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | യാത്രാബത്ത കൈപ്പറ്റിയവരുടെ പേര് വിവരം | യാത്ര നടത്തിയ മാസം | അനുവദിച്ച തുക | വൗച്ചർ നം./ തീയതി |
|---|---|---|---|---|
| 1 | ശ്രീ.കെ.സുധാകരൻ, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | 12/2015<br>2/2016<br>7/2016<br>1/2017<br>2/2017<br>ആകെ | 500<br>500<br>250<br>400<br>200<br>------<br>**1850** | വൌച്ചർ നം. 21800300/ 29.8.18 |
| 2 | ശ്രീമതി.സരസ്വതി ടീച്ചർ,ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | 12/2015<br>2/2016<br>3/2016<br>7/2016<br>10/2016<br>2/2017<br>3/2017<br>4/2017<br>**ആകെ** | 500<br>250<br>250<br>250<br>400<br>200<br>200<br>800<br>-----<br>**2850** | വൌച്ചർ നം. 21800300/ 29.8.18 |
| 3 | ജി.ശിവൻകുട്ടി,മെമ്പർ | 12/2015<br>2/2016<br>7/2016<br>2/2017<br>**ആകെ** | 400<br>400<br>200<br>160<br>-----<br>**1160** | വൌച്ചർ നം. 21800301/ 29.8.18 |
| 4 | കാരാളി.വൈ.എ.സമദ്, മെമ്പർ | 12/2015<br>2/2016<br>3/2016<br>7/2016<br>1/2017 | 400<br>400<br>200<br>600<br>320 | വൌച്ചർ നം. 21800301/ 29.8.18 |

| | | | | |
|---|---|---|---|---|
| | | 2/2017<br>ആകെ | 160<br>-----<br>**2080** | |
| 5 | സി.ഉഷ,മെമ്പർ | 12/2015<br>2/2016<br>3/2016<br>7/2016<br>11/2016<br>12/2016<br>1/2017<br>2/2017<br>ആകെ | 400<br>400<br>200<br>600<br>320<br>960<br>320<br>160<br>-----<br>**3360** | വൌച്ചർ നം. 21800301/ 29.8.18 |
| 6 | ആർ.മണികണ്ഠൻ, മെമ്പർ | 12/2015<br>2/2016<br>7/2016<br>4/2017<br>ആകെ | 400<br>400<br>200<br>320<br>-----<br>**1320** | വൌച്ചർ നം. 21800301/ 29.8.18 |
| 7 | ജയ.എസ്,മെമ്പർ | 12/2015<br>2/2016<br>3/2016<br>7/2016<br>11/2016<br>12/2016<br>1/2017<br>2/2017<br>4/2017<br>ആകെ | 400<br>400<br>200<br>600<br>320<br>960<br>320<br>160<br>320<br>------<br>**3680** | വൌച്ചർ നം. 21800301/ 29.8.18 |
| 8 | ഷീജ.ജി,മെമ്പർ | 12/2015 | 400 | വൌച്ചർ |

| | | | | |
|---|---|---|---|---|
| | | 2/2016<br>3/2016<br>7/2016<br>11/2016<br>1/2017<br>2/2017<br>**ആകെ** | 400<br>200<br>600<br>320<br>320<br>160<br>-----<br>**2400** | നം.<br>21800301/<br>29.8.18 |
| 9 | ചന്ദ്രശേഖരൻ | 12/2015<br>2/2016<br>3/2016<br>7/2016<br>1/2017<br>2/2017<br>4/2017<br>**ആകെ** | 400<br>400<br>200<br>200<br>320<br>160<br>320<br>-----<br>**2000** | വൌച്ചർ<br>നം.<br>21800301/<br>29.8.18 |
| | ആകെ നഷ്ടം | | **20700/-** | |

മേൽ പരാമർശങ്ങൾക്ക് മറുപടി ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി നൽകിയിട്ടുണ്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർഅനുമതി യില്ലാതെ അനുവദിച്ച് നൽകിയ തുക ഉത്തരവാദിയായവരിൽ നിന്നും തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. ചെലവ് തുക താല്ക്കാലികമായി തടസ്സപ്പെടുത്തുന്നു.

തടസ്സപ്പെടുത്തിയ തുക – 20,700/-രൂപ

## 1-15 ശാസ്താം കോട്ട തടാക സംരക്ഷണ ഹരിത തീരം പദ്ധതി -- വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

നിർവഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

ശാസ്താം കോട്ട തടാക സംരക്ഷണ ഹരിത തീരം പദ്ധതി (38/19)

അടങ്കൽ 50,000/-രൂപ (വികസനഫണ്ട് ജനറൽ )

ചെലവ് 50,000/-രൂപ

ബിൽ നമ്പർ 1/24-5-18

പ്രസ്തുത പ്രോജക്ടിന്റെ പഞ്ചായത്ത് വിഹിതമായ 50,000/- രൂപ മേൽ ബിൽ പ്രകാരം പിൻവലിച്ച് കൊല്ലം ജില്ലാ പഞ്ചായത്തിന്റെ 36195058927 നമ്പർ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ചതിന്റെ രേഖകളും വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കിയിട്ടില്ല. ആയത് ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി നാളിതുവരെ പദ്ധതി നടന്നിട്ടില്ല എന്നും ആയത് നടക്കുന്ന മുറയ്ക്ക് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി നൽകുന്നതാണെന്നറിയിച്ചിട്ടുണ്ട്. ആയതിനാൽ ഈയിനത്തിൽ ചെലവായ 50,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ – 2/12-2-2020

തടസ്സപ്പെടുത്തുന്ന തുക- 50,000/-രൂപ

## 1-16 എൽ.ഇ.ഡി സ്ട്രീറ്റ് ലൈറ്റ് സിസ്റ്റം വാങ്ങി സ്ഥാപിക്കൽ(എസ്.സി.പി)-രേഖകൾ ഹാജരാക്കിയില്ല

എൽ.ഇ.ഡി സ്ട്രീറ്റ് ലൈറ്റ് സിസ്റ്റം വാങ്ങി സ്ഥാപിക്കൽ (എസ്.സി.പി)പദ്ധതിയിൽ എൽ.ഇ.ഡി ലൈറ്റ് സ്ഥാപിച്ചതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പദ്ധതി,നം | എൽ.ഇ.ഡി സ്ട്രീറ്റ് ലൈറ്റ് സിസ്റ്റം വാങ്ങി സ്ഥാപിക്കൽ(എസ്.സി.പി) (35/19) |
| അടങ്കൽ തുക | 3,85,000/-രൂപ (എസ്.സി.പി ഫണ്ട്) |
| ചെലവ് തുക | 348126/-രൂപ ,(ബിൽ നം.66/18-19/20.3.19 77/18-19/22.3.19,67/18-19/21.3.19,68/18-19/21.3.19,65/18-19/20.3.19) |

തെരുവുവിളക്കുകൾക്ക് എൽ.ഇ.ഡി ലൈറ്റ് വാങ്ങി സ്ഥാപിക്കൽ എന്ന പദ്ധതിക്കായി ഇ-ടെണ്ടർ നടത്തുകയും അമ്മിണി എനർജി സിസ്റ്റം എന്ന സ്ഥാപനത്തിൽ നിന്നും എൽ.ഇ.ഡി ലൈറ്റ് വാങ്ങുകയുമുണ്ടായി. വാർഡുതിരിച്ച് എൽ.ഇ.ഡി ലൈറ്റ് സ്ഥാപിച്ചതിന്റെ വിശദാംശങ്ങൾ, കെ.എസ്.ഇ.ബി യുടെ റിപ്പോർട്ട് , സ്റ്റോക്കിന്റെ വിശദാംശങ്ങൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ടി വിഷയങ്ങൾക്ക് നൽകിയിട്ടുള്ള എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. എൽ.ഇ.ഡി ലൈറ്റ് സ്ഥാപിച്ചതിന്റെ രേഖകൾ

കെ.എസ്.ഇ.ബിയിൽ നിന്നും ലഭ്യമാക്കി പിരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ ടി ഇനത്തിൽ ചെലവഴിച്ച 3,48,126/- രൂപ തടസ്സപ്പെടുത്തുന്നു. ചെലവ് രേഖകൾ ഹാജരാക്കി തടസം ഒഴിവാക്കേണ്ടതാണ്.

എൻക്വയറി നം-7/18.2.2020

തടസ്സപ്പെടുത്തുന്ന തുക – 3,48,126/-രൂപ

## 1-17 വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല-ചെലവ് തുക തടസ്സപ്പെടുത്തുന്നു

2018-19 വർഷം സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ പദ്ധതികൾക്ക് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതി , നം | അടങ്കൽ തുക | ചെലവ് തുക | ബിൽ നം/ തീയതി | റിമാർക്സ് |
|---|---|---|---|---|---|
| 1. | IKM ന് വിഹിതം നൽകൽ (27/19) | 72983/- (വികസന ഫണ്ട്) | 72983/- | 9/18-19/ 6.7.18 | ഇൻഫർമേഷൻ കേരള മിഷന് നൽകി. |
| 2. | കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ (നം.159/19) | 55599/- (CFC ഗ്രാന്റ്) | 55599/- | 44/18-19/22.2.19 | പി.എച്ച് ഡിവിഷൻ,കേരള വാട്ടർ അതോറിറ്റിയിൽ ഒടുക്കു വരുത്തി. |
| 3 | അങ്കണവാടി കൾക്ക് വാട്ടർ കണക്ഷൻ (നം.139/19) | 31587 (റോഡിതരം) | 30815 | 35/18-19/21.12.19 | എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റിയിൽ ഒടുക്കു വരുത്തി. |
| 4 | വൈദ്യുതി ലൈൻ നീട്ടൽ (നം.132/19) | 69237 (CFC ഗ്രാന്റ്) | 69237 | 14/18-19/20.7.18 | KSEB, ശാസ്താംകോട്ട യിൽ ഒടുക്കു വരുത്തി. |
| 5. | പോസ്റ്റ് ഷിഫ്റ്റിംഗ് (നം.26/19) | 214000/- (വികസനഫണ്ട്) | 213904 | 98054-10/18-19/3.7.18<br>36600-22/18-19/28.9.18<br>35178-31/18-19/21.12.18 | 5 പ്രവൃത്തികൾക്കായി KSEB യിൽ ഒടുക്കു വരുത്തി.177304/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. |

| | | | | | |
|---|---|---|---|---|---|
| | | | | 19118-43/18-19/22.2.19<br>24954-49/18-19/28.2.19 | |
| 6. | ജീവനം -സൌജന്യ ഡയാലിസിസ് പദ്ധതി | 100000/-<br>(വികസനഫണ്ട്) | 100000/- | 30/18-19/26.12.18 | ജില്ലാപഞ്ചായത്തിൽ ഒടുക്കു വരുത്തി |
| ആകെ | | | 542538/- | | |

വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ലാത്തതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തിയ തുക-542538/-

## 1-18 ഇ.എം.എസ് ഭവന പദ്ധതി അക്കൗണ്ടിൽ ശേഷിച്ച തുക തനത് ഫണ്ടിൽ മുതൽക്കൂട്ടിയത്-സർക്കാരിലേയ്ക്ക് തിരിച്ചടയ്ക്കണം

പടിഞ്ഞാറെ കല്ലട ഗ്രാമപഞ്ചായത്ത് ഇ.എം.എസ് ഭവന പദ്ധതിയുടെ പണമിടപാടിനായി അക്കൗണ്ട് നം 7169 ൽ നീക്കിയിരുപ്പുണ്ടായിരുന്ന 250063/- രൂപ അക്കൗണ്ട് ക്ലോസ് ചെയ്ത് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 12.11.19ലെ 1(1)ലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കൊല്ലം ജില്ലാ സഹകരണ ബാങ്കിന്റെ 30151201000005 -ാം നമ്പർ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തു. ഗ്രാമവികസന കമ്മീഷണറുടെ 17.5.19 ലെ 15574/IA/18/CRB ഉത്തരവ് പ്രകാരം വി.ഇ.ഒ മാരുടെ നിഷ്ക്രിയ അക്കൗണ്ടിൽ ശേഷിക്കുന്ന എല്ലാ തുകയും പലിശ സഹിതം സർക്കാരിലേയ്ക്ക് തിരിച്ചടയ്ക്കണമെന്ന ഉത്തരവ് നിലനിൽക്കെയാണ് തുക തനത് ഫണ്ടിൽ നിക്ഷേപിച്ചത്. തുക മേൽ ഉത്തരവ് പ്രകാരം സർക്കാരിലേയ്ക്ക് തിരിച്ചടച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-19 തറയിൽമുക്ക്-പള്ളത്ത് മേലതിൽറോഡ് സംരക്ഷണഭിത്തി നിർമ്മാണവും മണ്ണ് ഫില്ലിംഗും -പണി പൂർത്തീകരിച്ചിട്ടില്ല

പ്രവൃത്തി-തറയിൽമുക്ക്-പള്ളത്ത് മേലതിൽറോഡ് സംരക്ഷണ ഭിത്തി നിർമ്മാണവും മണ്ണ് ഫില്ലിംഗം -വാർഡ് നം.2

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പദ്ധതി,നം | തറയിൽമുക്ക്-പള്ളത്ത് മേലതിൽറോഡ് |

| | |
|---|---|
| | സംരക്ഷണഭിത്തി നിർമ്മാണവും മണ്ണ് ഫില്ലിംഗും -വാർഡ് നം.2(നം.110/19) |
| അടങ്കൽ തുക | 1000000/-രൂപ<br>(CFCഫണ്ട്) |
| ചെലവ് തുക | 841841/- (ബിൽ നം.3/18-19/24.5.18-841841&<br>122422-1/18-19/24.5.18) |
| എം.ബുക്ക് നം. | 49/17-18 |
| കരാറുകാരൻ | ശ്രീകേഷ് കുമാർ,കോയിപ്പുറത്ത് വീട് |
| TS No. | 20073/17-18 |
| എഗ്രിമെന്റ് നം. | 7/AE/LSGD/WK/17-18/24.11.17 |

പടിഞ്ഞാറെ കല്ലട ഗ്രാമപഞ്ചായത്തിലെ 1, 2 വാർഡുകളിൽകൂടി കടന്നുപോകുന്ന പള്ളത്ത് മേലേതിൽ തുടങ്ങി തറയിൽമുക്ക് വരെ 420m മണ്ണ് ഫില്ലിംഗ് നടത്തി റോഡ് നിർമ്മിക്കുന്നതിനായും സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനായുമാണ് പദ്ധതി ലക്ഷ്യമിട്ടിരുന്നതെങ്കിലും ഏകദേശം 100m ഭാഗം പണി ചെയ്യാനാകാതെ പാതിവഴിയിൽ പണി ഉപേക്ഷിക്കപ്പെട്ട നിലയിൽ സ്ഥല പരിശോധനയിൽ കാണപ്പെടുന്നു. ടി പണി നിർത്തി വെയ്ക്കാനുണ്ടായ സാഹചര്യം വിശദമാക്കുവാൻ താൽപര്യപ്പെടുന്നു. കൂടാതെ ടി റോഡിനായി വിട്ടു തന്നിട്ടുള്ള പ്രദേശങ്ങൾ ആസ്തിയിലുൾപ്പെടുത്തിയതിന്റെ വിശദാംശങ്ങൾ കൂടി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. നിലവിൽ ടി റോഡ് മണ്ണിട്ടനിലയിലാണ് കാണപ്പെടുന്നത്. തുടർ വർഷങ്ങളിൽ റോഡ് നിർമ്മാണത്തിനായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-20 പാലിന് സബ്സിഡി - അധികം തുക നൽകി

നിർവ്വഹണം-ഡയറി ഫാം ഇൻസ്ട്രക്ടർ

പ്രോജക്ട് നമ്പർ 47

പ്രോജക്ട് -പാലിന് സബ്സിഡി

ഗ്രാമപഞ്ചായത്തിലെ ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി നൽകാനായി 29-3-2019 തീയതീയിലെ 615325-ാം നമ്പർ ചെക്ക് പ്രകാരം പിൻവലിച്ച 121633/-രൂപയുടെ വിതരണത്തിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു. പ്രസ്തുത ബില്ലിൽ ക്രമനമ്പർ 44 ആയി രേഖപ്പെടുത്തിയിരിക്കുന്ന ശ്രീ.വാസുദേവൻ എന്ന യാൾക്ക് 1675/- രൂപാ നൽകിയിരിക്കുന്നു. എന്നാൽ സംഘം സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ ലിസ്റ്റിൽ ഇദ്ദേഹത്തിന്റെപേര് ചേർത്തിട്ടില്ല. അയിത്തോട്ടുവാ ക്ഷീരസഹകരണ സംഘത്തിലെ ഗുണഭോക്താവായ ശ്രീ.രഞ്ജിത്തിന് തുക നൽകിയിട്ടുമില്ല. ആയതിനാൽ 1675/- രൂപാ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്ന് തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം 9/18-2-2020

നിരാകരിച്ച തുക 1675/-രൂപ

## 1-21 എസ്. സി കുട്ടികൾക്ക് ഫർണ്ണിച്ചർ-പദ്ധതി നടത്തിപ്പിലെ അപാകതകൾ

നിർവ്വഹണം-എച്ച്.എം
പദ്ധതി – എസ്. സി കുട്ടികൾക്ക് ഫർണ്ണിച്ചർ

പദ്ധതി നം.24/19

അടങ്കൽ – വികസന ഫണ്ട് എസ്.സി.പി -3,36,000 + തനത് ഫണ്ട് – 2,260

ചെലവ്- 336000

ബിൽ നം. 03/11.03.19 2,40,000/-രൂപ

ബിൽ നം. 05/18.03.19 93,380/-രൂപ
ചെക്ക് നം. 46816/18.3.2019 – 2620/-രൂപ

മേൽ പ്രോജക്ട് പ്രകാരം (48" x24"x 30" - 20g) ന്റെ സ്റ്റീൽ ടേബിളും 20 ഗേജിന്റെ സ്റ്റീൽ ചെയറും വാങ്ങാനായി ടെണ്ടർ ചെയ്തതിൻ പ്രകാരം ജോജിൻ ഇൻഡസ്ട്രീസ് , റോയൽ എന്റർപ്രൈസസ് , ശബരി സ്റ്റീൽ ഫർണ്ണിച്ചർ, തമ്പുരാൻ കാലയിൽ ട്രേഡ് ലിങ്ക്സ് എന്നിങ്ങനെ നാല് സ്ഥാപനങ്ങൾ ടെണ്ടർ സമർപ്പിച്ചു. ഇതിൽ റോയൽ എന്റർപ്രൈസസ് , തമ്പുരാൻ കാലയിൽ ട്രേഡ് ലിങ്ക്സ് എന്നീ സ്ഥാപനങ്ങൾ സമർപ്പിച്ച രേഖകൾ അപൂർണ്ണമാണെന്ന് താരതമ്യ സ്റ്റേറ്റ്മെന്റിൽ വ്യക്തമാക്കിയിട്ടുണ്ട്. ശേഷിച്ച സ്ഥാപനങ്ങൾ ക്വാട്ട് ചെയ്ത നിരക്ക് ചുവടെ ചേർക്കും പ്രകാരമാണ്.

| ഇനം | സ്പെസിഫിക്കേഷൻ | ക്വാട്ട് ചെയ്ത തുക | |
|---|---|---|---|
| | | ജോജിൻ ഇൻഡസ്ട്രീസ് | ശബരി സ്റ്റീൽ ഫർണ്ണിച്ചർ |
| സ്റ്റീൽ ടേബിൾ | 20 ഗേജ് | 2200 | 2398 |
| | 20 ഗേജ് ഹെവി | 3400 | 2545(പൌഡർ കോട്ടഡ്) |
| | | | |

| | | | |
|---|---|---|---|
| സ്റ്റീൽ ചെയർ | 20 ഗേജ് | 850 | 896 |
| | 20 ഗേജ് ഹെവി | 1410 | 1045(പൌഡർ കോട്ടഡ്) |

അപൂർണ്ണമായി രേഖകൾ സമർപ്പിച്ച സ്ഥാപനങ്ങളെ ഒഴിച്ച് നിർത്തിയാൽ പ്രോജക്ട് പ്രകാരം 20 ഗേജ് ഹെവി ടേബിളിനും ചെയറിനും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്തത് ശബരി സ്റ്റീൽ ഫർണ്ണിച്ചറാണ്(യഥാക്രമം 2545,1045). എന്നാൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്തത് ജോജിൻ ഇൻഡസ്ട്രീസ് ആണെന്ന് കണക്കാക്കി മേൽ സ്ഥാപനത്തിൽ നിന്ന് നെഗോസിയേഷനിലൂടെ സ്റ്റീൽ മേശ 3000/- രൂപയ്ക്കും കസേര 1000/- രൂപയ്ക്കും വാങ്ങി. സ്റ്റീൽ ടേബിൾ പൌഡർ കോട്ടഡ് 2545/- രൂപ ക്വാട്ട് ചെയ്ത സ്ഥാപനത്തെ പരിഗണിക്കാതെയാണ് ടേബിൾ ഒന്നിന് 455/- രൂപ അധികം ചെലവഴിച്ചത്. ഇത്തരത്തിൽ 84 മേശകൾക്കായി 38220/- രൂപ അധികം ചെലവഴിച്ചു. പ്രോജക്ട് നടത്തിപ്പിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.നാല് സ്ഥാപനങ്ങളിൽ വാങ്ങിയ ഇനത്തിന് കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ശബരി സ്റ്റീൽ ഇൻഡസ്ട്രീസിനെ പരിഗണിക്കാതിരിക്കാനുള്ള കാരണം വ്യക്തമാക്കിയിട്ടില്ല.

2.സ്ഥാപനങ്ങളിൽ ജോജിൻ ഇൻഡസ്ട്രീസിനോട് മാത്രമാണ് നെഗോസിയേറ്റ് ചെയ്ത് കാണുന്നത്. മറ്റു സ്ഥാപനങ്ങൾക്ക് നെഗോസിയെഷനുവേണ്ടി അറിയിപ്പ് നൽകിയിട്ടില്ല.

3.26.12.18 ലെ പ്രൊക്വയർമെന്റ് കമ്മിറ്റി വ്യക്തമായ കാരണം രേഖപ്പെടുത്താതെയാണ് ജോജിൻ ഇൻഡസ്ട്രീസിനെ തിരഞ്ഞെടുത്തിരിക്കുന്നത്.

4.29.12.18 ലെ പഞ്ചായത്ത് കമ്മറ്റി സാമ്പിളുകൾ പരിശോധിച്ച ശേഷം പ്രൊക്വയർമെന്റ് കമ്മറ്റി നടത്തിയ ശുപാർശ പ്രകാരമാണ് ടെണ്ടർ അംഗീകരിച്ചതെന്ന് സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ സാമ്പിളുകൾ പരിശോധിച്ചതായി പ്രൊക്വയർമെന്റ് കമ്മറ്റി മിനിറ്റ്സിലും സാമ്പിളുകൾ ഹാജരാക്കാനായി സ്ഥാപനങ്ങൾക്കും അറിയിപ്പ് നൽകിയതായി കാണുന്നില്ല.

5.ടെക്നിക്കൽ ക്വാളിഫിക്കേഷനുള്ള സ്ഥാപനത്തിൽ നിന്ന് ഗുണനിലവാരം പരിശോധന നടത്താതെയാണ് കൂടിയ നിരക്കിൽ സാധനം വാങ്ങിയിട്ടുള്ളത്.

മേൽ വിഷയം ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് 27.2.2020-ൽ ലഭ്യമാക്കിയ മറുപടിയിൽ ശബരിസ്റ്റീൽ ഇൻഡസ്ട്രീസിന്റെ ഫർണിച്ചർ ഗുണനിലവാരെ കുറവായതിനാലാണ് പരിഗണിക്കാതിരുന്നതെന്ന് മറുപടി നൽകി. കൂടാതെ പദ്ധതിപ്രകാരം വിതരണം ചെയ്ത ഫർണിച്ചറുകൾ ഗുണനിലവാരമുള്ളവയാണെന്നതിനുള്ള സാങ്കേതിക ശുപാർശയും ലഭ്യമാക്കി. എന്നാൽ ക്വോട്ടുചെയ്ത സ്ഥാപനങ്ങളിൽ കുറഞ്ഞ നിരക്കുകൾ ക്വോട്ടുചെയ്ത സാധനങ്ങൾ സാങ്കേതിക വൈദഗ്ധ്യമുള്ള അധികാരികളിൽ നിന്നും പരിശോധനാ സർട്ടിഫിക്കറ്റ് വാങ്ങാതെ ഗുണമേന്മയില്ല എന്ന കാരണം കാണിച്ച് നിരസിച്ചത് ക്രമപ്രകാരമല്ല. വാങ്ങലുകൾ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങളും നടപടിക്രമങ്ങളും പാലിച്ച് നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം.1/11.02.2020

## 1-22 തൊഴിലുറപ്പ് പദ്ധതി -- അംഗൻവാടി നിർമ്മാണത്തിന് തുക നൽകിയെങ്കിലും നിർമ്മാണം നടന്നില്ല

ഗ്രാമപഞ്ചായത്തിലെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി 41, 49, 51 നമ്പർ അങ്കണവാടി നിർമ്മാണത്തിനായി ജില്ലാ പഞ്ചായത്ത് വിഹിതം ഉൾപ്പെടെയുള്ള തുകകൾ തൊഴിലുറപ്പ് സംസ്ഥാനമിഷന് നൽകിയെങ്കിലും നാളിതുവരെ അങ്കണവാടി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. രണ്ട് അങ്കണവാടികൾ നിർമ്മിക്കുന്നതിനുള്ള വിഹിതം 2017-18 വർഷവും 49-ാം നമ്പർ അങ്കണവാടി പണിയുന്നതിനുള്ള ജില്ലാ പഞ്ചായത്ത് വിഹിതം 2018-19 വർഷവും ആണ് നൽകിയിരിക്കുന്നത്. 29-3-2019 തീയതിലെ 615329 നമ്പർ ചെക്ക് പ്രകാരമാണ് തുക മിഷൻ ഡയറക്ടറുടെ അക്കൗണ്ടിലേക്ക് ഒടുക്കു വരുത്തിയിരിക്കുന്നത്. എന്നാൽ 49-ാം നമ്പർ അങ്കണവാടി പണിയുന്നതിനുള്ള സ്ഥലസൗകര്യത്തിന് പരിമിതി ഉണ്ടെന്നും ആയതിനാൽ അങ്കണവാടി കെട്ടിടനിർമ്മാണം നടപ്പിലാക്കാൻ കഴിയാത്ത സാഹചര്യമായതിനാൽ തുക തിരികെ നൽകണമെന്നും ആവശ്യപ്പെട്ട് 31-01-2020 തീയതിയിൽ തൊഴിലുറപ്പ് മിഷൻ ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്. ആയതിന്റെ ഫയൽ പരിശോധിച്ചപ്പോൾ 49-ാം നമ്പർ അങ്കണവാടി നിർമ്മിക്കാനായി ശ്രീമതി. അംബിക എന്നയാളുടെ 1.15 ആർ സ്ഥലത്തിന് ഡെപ്യൂട്ടി ഡയറക്ടർ 31-10-2014 തീയതിയിൽ അനുമതി നൽകി. എന്നാൽ പ്രസ്തുത സ്ഥലം വില്ലേജ് ഓഫീസർ 16-2-2015 തീയതിയിൽ അളന്ന് പരിശോധിച്ചപ്പോൾ പുരയിടം ആധാരപ്രകാരം 1.15 ആർ(2.84 സെന്റ്) ഉണ്ടെങ്കിലും വസ്തു കേവലം 79.76 ച.മി.(2 സെന്റിൽ താഴെ ആണെന്നും സെക്രട്ടറിയെ അറിയിച്ചിരുന്നു. വില്ലേജ് ഓഫീസറുടെ റിപ്പോർട്ട് പ്രകാരം ഈ വസ്തു റോഡിനോട് ചേർന്ന് ആകെ 4.7 മീറ്റർ വീതിയും മറുവശം ആയത് കുറഞ്ഞ് 4.5 മീറ്റർ മാത്രമായ ഒരു വസ്തുവാണ്. അംഗൻവാടി നിർമ്മാണത്തിനായി അനുയോജ്യമായ 3 സെന്റ് വസ്തു വാങ്ങാനായി പ്രോജക്ട് വച്ച് അനുമതി വാങ്ങിയെങ്കിലും 13-3-2015 തീയതിയിൽ സെന്റിന് 50,000/- രൂപ നിരക്കിൽ 99320/- രൂപയ്ക്ക് 2 സെന്റിൽ താഴെയുള്ള വസ്തു വാങ്ങിയതുമൂലം അടുക്കളയും ശുചി മുറിയും സ്റ്റോറും മെയിൻ ക്ലാസ് മുറിയും ഉൾപ്പെടുന്ന അങ്കണവാടി കെട്ടിടം നിർമ്മിക്കാൻ കഴിയുന്നില്ല. ആയതിനാലാണ് തുക തിരികെ ആവശ്യപ്പെട്ടു കത്ത് നൽകിയത്. ബാക്കി രണ്ട് അങ്കണവാടി നിർമ്മാണവും തുടർന്ന് വരുന്നുണ്ട്. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 363161/- രൂപാ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക തിരികെ ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കു വരുത്തി വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ 12/19-2-2020

നിരാകരിച്ച തുക – 363161/-രൂപ

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 3-1 തൊഴിലുറപ്പ് പദ്ധതി -- അംഗൻവാടി നിർമ്മാണത്തിന് തുക നൽകിയെങ്കിലും നിർമ്മാണം നടന്നില്ല

ഗ്രാമപഞ്ചായത്തിലെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി 41, 49, 51 നമ്പർ അങ്കണവാടി നിർമ്മാണത്തിനായി ജില്ലാ പഞ്ചായത്ത് വിഹിതം ഉൾപ്പെടെയുള്ള തുകകൾ തൊഴിലുറപ്പ് സംസ്ഥാനമിഷന് നൽകിയെങ്കിലും നാളിതുവരെ അങ്കണവാടി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. രണ്ട് അങ്കണവാടികൾ നിർമ്മിക്കുന്നതിനുള്ള വിഹിതം 2017-18 വർഷവും 49-ാം നമ്പർ അങ്കണവാടി പണിയുന്നതിനുള്ള ജില്ലാ പഞ്ചായത്ത് വിഹിതം 2018-19 വർഷവും ആണ് നൽകിയിരിക്കുന്നത്. 29-3-2019 തീയതിലെ 615329 നമ്പർ ചെക്ക് പ്രകാരമാണ് തുക മിഷൻ ഡയറക്ടറുടെ അക്കൗണ്ടിലേക്ക് ഒടുക്കു വരുത്തിയിരിക്കുന്നത്. എന്നാൽ 49-ാം നമ്പർ അങ്കണവാടി പണിയുന്നതിനുള്ള സ്ഥലസൗകര്യത്തിന് പരിമിതി ഉണ്ടെന്നും ആയതിനാൽ അങ്കണവാടി കെട്ടിടനിർമ്മാണം നടപ്പിലാക്കാൻ കഴിയാത്ത സാഹചര്യമായതിനാൽ തുക തിരികെ നൽകണമെന്നും ആവശ്യപ്പെട്ട് 31-01-2020 തീയതിയിൽ തൊഴിലുറപ്പ് മിഷൻ ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്. ആയതിന്റെ ഫയൽ പരിശോധിച്ചപ്പോൾ 49-ാം നമ്പർ അങ്കണവാടി നിർമ്മിക്കാനായി ശ്രീമതി. അംബിക എന്നയാളുടെ 1.15 ആർ സ്ഥലത്തിന് ഡെപ്യൂട്ടി ഡയറക്ടർ 31-10-2014 തീയതിയിൽ അനുമതി നൽകി. എന്നാൽ പ്രസ്തുത സ്ഥലം വില്ലേജ് ഓഫീസർ 16-2-2015 തീയതിയിൽ അളന്ന് പരിശോധിച്ചപ്പോൾ പുരയിടം ആധാരപ്രകാരം 1.15 ആർ(2.84 സെന്റ്) ഉണ്ടെങ്കിലും വസ്തു കേവലം 79.76 ച.മി.(2 സെന്റിൽ താഴെ ആണെന്നും സെക്രട്ടറിയെ അറിയിച്ചിരുന്നു. വില്ലേജ് ഓഫീസറുടെ റിപ്പോർട്ട് പ്രകാരം ഈ വസ്തു റോഡിനോട് ചേർന്ന് ആകെ 4.7 മീറ്റർ വീതിയും മറുവശം ആയത് കുറഞ്ഞ് 4.5 മീറ്റർ മാത്രമായ ഒരു വസ്തുവാണ്. അംഗൻവാടി നിർമ്മാണത്തിനായി അനുയോജ്യമായ 3 സെന്റ് വസ്തു വാങ്ങാനായി പ്രോജക്ട് വച്ച് അനുമതി വാങ്ങിയെങ്കിലും 13-3-2015 തീയതിയിൽ സെന്റിന് 50,000/- രൂപ നിരക്കിൽ 99320/- രൂപയ്ക്ക് 2 സെന്റിൽ താഴെയുള്ള വസ്തു വാങ്ങിയതുമൂലം അടുക്കളയും ശുചി മുറിയും സ്റ്റോറും മെയിൻ ക്ലാസ് മുറിയും ഉൾപ്പെടുന്ന അങ്കണവാടി കെട്ടിടം നിർമ്മിക്കാൻ കഴിയുന്നില്ല. ആയതിനാലാണ് തുക തിരികെ ആവശ്യപ്പെട്ടു കത്ത് നൽകിയത്. ബാക്കി രണ്ട് അങ്കണവാടി നിർമ്മാണവും തുടർന്ന് വരുന്നുണ്ട്. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 363161/- രൂപാ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക തിരികെ ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കു വരുത്തി വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ 12/19-2-2020

നിരാകരിച്ച തുക – 363161/-രൂപ

## 3-2 പാലിന് സബ്സിഡി-അധികം തുക നൽകി

നിർവ്വഹണം-ഡയറി ഫാം ഇൻസ്ട്രക്ടർ

പ്രോജക്ട് നമ്പർ 47

പ്രോജക്ട് -പാലിന് സബ്സിഡി

ഗ്രാമപഞ്ചായത്തിലെ ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി നൽകാനായി 29-3-2019 തീയതിയിലെ 615325-ാം നമ്പർ ചെക്ക് പ്രകാരം പിൻവലിച്ച 121633/-രൂപയുടെ വിതരണത്തിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു. പ്രസ്തുത ബില്ലിൽ ക്രമനമ്പർ 44 ആയി രേഖപ്പെടുത്തിയിരിക്കുന്ന ശ്രീ.വാസുദേവൻ എന്ന യാൾക്ക് 1675/- രൂപാ നൽകിയിരിക്കുന്നു. എന്നാൽ സംഘം സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ ലിസ്റ്റിൽ ഇദ്ദേഹത്തിന്റെപേര് ചേർത്തിട്ടില്ല. അയിത്തോട്ടുവാ ക്ഷീരസഹകരണ സംഘത്തിലെ ഗുണഭോക്താവായ ശ്രീ.രഞ്ജിത്തിന് തുക നൽകിയിട്ടുമില്ല. ആയതിനാൽ 1675/- രൂപാ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്ന് തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം 9/18-2-2020

നിരാകരിച്ച തുക 1675/-രൂപ

<u>ഭാഗം -4</u>

## <u>പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും</u>

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 24-7-2019, 25-7-2019 | കെ.എസ്.എ. – കെ.എൽ.എം./ പി. 10/1204/19 തീയതി26-8-2019 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 97500 | സമഗ്ര നെൽകൃഷി | 97500 | - |
| ജില്ലാ പഞ്ചായത്ത് | 2018-19 | 127500 | സമഗ്ര നെൽകൃഷി | 127500 | - |
| ജില്ലാ പഞ്ചായത്ത് | 2018-19 | 127500 | സമഗ്ര നെൽകൃഷി | 127500 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 1050000 | പോത്തുകുട്ടി വളർത്തൽ(എസ്.സി) | 165750 | 884250 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 1035188 | ലൈഫ് ഭവനപദ്ധതി | 11035188 | - |
| ജില്ലാ പഞ്ചായത്ത് | 2018-19 | 627384 | ലൈഫ് ഭവനപദ്ധതി(ജനറൽ) | 627384 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 1071428 | ലൈഫ് ഭവനപദ്ധതി(എസ്.സി) | 1071428 | - |
| ജില്ലാ പഞ്ചായത്ത് | 2018-19 | 593395 | ലൈഫ് ഭവനപദ്ധതി(എസ്.സി) | 593395 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 791815 | ലൈഫ് മിഷൻ പൂർത്തിയാക്കാത്ത ഭവനങ്ങലുടെ പൂർത്തീകരണം | 791815 | - |
| ജില്ലാ പഞ്ചായത്ത് | 2018-19 | 300000 | അങ്കണവാടി പോഷകാഹാരം | 100000 | 200000 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 125000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 116700 | 8300 |

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2018-19 | 125000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 116700 | 8300 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 131998 | അങ്കണവാടി പോഷകാഹാരം | 131998 | - |
| ജില്ലാ പഞ്ചായത്ത് | 2018-19 | 363161 | 49 -ാം നമ്പർ അങ്കണവാടികെട്ടിട നിർമ്മാണം | 363161 | - |
| ജില്ലാ പഞ്ചായത്ത് | 2018-19 | 300000 | പാലിന് സബ്സിഡി | 250000 | 50000 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | പോസ്റ്റ് ഷിഫിറ്റിംഗ് | 21801065 /27.2.2019 | 213904 | 0 | 213904 |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 21800917 /18.7.2018 | 69237 | 0 | 69237 |
| പി.ഡബ്ല്യൂ.ഡി. ഇലക്ട്രിക്കൽ | ആയൂർവേദാശുപത്രി റീ വയറിംഗ് | 218007943 /03.09.2018 80000 2180001101 /19.3.19 76375 | 156375 | 0 | 156375 |
| എൻ.എർ.ഇ. ജി.എസ്.സംസ്ഥാന മിഷൻ | 49 നമ്പർ അംഗൻവാടി നിർമ്മാണം | 615329 /29.3.19 | 363161 | 0 | 363161 |
| കേരള വാട്ടർ അതോറിറ്റി | കുടിവെള്ള പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കൽ | 21801046/ 22.2.19 | 55599 | 0 | 55599 |
| കേരള വാട്ടർ അതോറിറ്റി | അങ്കണവാടി വാട്ടർ കണക്ഷൻ | 21801015/ 20.12.18 | 30815 | 0 | 30815 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 8322455/-രൂപ വരവുണ്ട്. 8322455/- രൂപയും വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് | | | 2016432 | 2016432 | 0 | 0 |
| ലൈഫ് | ---- | 8322455 | ---- | ---- | ---- | 8322455 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-7 സ്ഥിര നിക്ഷേപം.

ഇല്ല

## 4-8 സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2002-03 | 3-11 | 2006-07 | 3 -14(1) | ജനകീയ പാർപ്പിട പദ്ധതി | നടപടി തുടരുന്നു |
| 2002-03 | ഡി.സി.ബി സ്റ്റേറ്റ്മെന്റ് | 2006-07 | 3-11-3 | തൊഴിൽക്കരം സംബന്ധിച്ച് | നടപടി തുടരുന്നു |
| 2002-03 | 3-7 | 2006-07 | 3(11)(8) | പൊതുമരാമത്തു പ്രവർത്തികൾ സംബന്ധിച്ച് | നടപടി തുടരുന്നു |
| ---- | ----- | 2017 – 18 | അനുക്രമണിക അദ്ധ്യായം 6 | പാരിസ്ഥിതിക വിഷയങ്ങൾ – അവലോകനം | നടപടി തുടരുന്നു |
| 2015 -16 | 2-1 | 2016 – 17 | അനുബന്ധം 5 | തൊഴിൽ നികുതി | ----- |

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 77533177 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 65237805 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 364836 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 961364 |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക (രൂപ) | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | ........ | 3,63,161/- | ശ്രീമതി.സീമ,സെക്രട്ടറി |
| 3-2 | ....... | 1,675/- | ശ്രീമതി.ഷീബാ ഫ്രാൻസിസ്,ഡയറി ഫാം ഇൻസ്ട്രക്ടർ |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക (രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 20,700/- | ശ്രീമതി.സീമ,സെക്രട്ടറി |
| 1-15 | 50,000/- | ശ്രീമതി.സീമ,സെക്രട്ടറി |
| 1-16 | 3,48,126/- | ശ്രീമതി.സീമ,സെക്രട്ടറി |
| 1-17 | 5,42,538/- | ശ്രീമതി.സീമ,സെക്രട്ടറി |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) | സ്ഥിരം മേൽവിലാസം |
|---|---|---|

| | ഔദ്യോഗിക മേൽവിലാസം | |
|---|---|---|
| ശ്രീമതി.സീമ,സെക്രട്ടറി | സെക്രട്ടറി, പടിഞ്ഞാറേ കല്ലട ഗ്രാ.പ | പരപ്പാടിയിൽ ഹൗസ്, പുതുക്കാട്.പി.ഒ, ചവറ |
| ശ്രീമതി.ഷീബാ ഫ്രാൻസിസ്,ഡയറി ഫാം ഇൻസ്ടക്ടർ | ഡയറി ഫാം ഇൻസ്ടക്ടർ, പടിഞ്ഞാറേ കല്ലട ഗ്രാ.പ | എസ്.എസ്.വില്ല, ചെമ്മക്കാട്.പിഒ, പെരിനാട്,കൊല്ലം |

## 4-11 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | കളുടെ ഷിക്കുന്ന ഖണ്ഡിക അവശേ തീർപ്പാക്കാൻ എണ്ണം |
|---|---|---|
| 1998-99 | കെ.എസ്.എ.കെ.എൽ.എം./പി.10/385/18 തീയതി.3.04.2018 | 4 |
| 2000-01 | കെ.എസ്.എ.കെ.എൽ.എം./പി.10/385/18 തീയതി.3.04.2018 | 2 |
| 2002-03 | കെ.എസ്.എ.കെ.എൽ.എം./പി.10/385/18 തീയതി.3.04.2018 | 6 |
| 2003-04 | കെ.എസ്.എ.കെ.എൽ.എം./പി.10/385/18 തീയതി.3.04.2018 | 7 |
| 2004-05 | കെ.എസ്.എ.കെ.എൽ.എം./പി.10/385/18 തീയതി.3.04.2018 | 6 |
| 2005-06 | കെ.എസ്.എ.കെ.എൽ.എം./പി.10/385/18 തീയതി.3.04.2018 | 14 |
| 2006-07 | കെ.എസ്.എ.കെ.എൽ.എം./പി.8/717(1)/19 തീയതി.29.5.19 | 5 |
| 2007-08 | കെ.എസ്.എ.കെ.എൽ.എം./പി.8/717(2)/19 തീയതി.29.5.19 | 8 |
| 2008-09 | കെ.എസ്.എ.കെ.എൽ.എം./പി.8/717(3)/19 തീയതി.29.5.19 | 3 |
| 2009-10 | കെ.എസ്.എ.കെ.എൽ.എം./പി.8/717(4)/19 തീയതി.29.5.19 | 1 |
| 2010-11 | കെ.എസ്.എ.കെ.എൽ.എം./പി.8/717(5)/19 | 9 |

| | | |
|---|---|---|
| & 2011-12 | തീയതി.29.5.19 | |
| 2012-13 & 2013-14 | കെ.എസ്.എ.- കെ.എൽ57335.എം./പി 7/703/16 തീയതി – 21/5/2016 | 20 |
| 2014-15 | കെ.എസ്.എ.-കെ.എൽ.എം./പി 7/336/17, തീയതി – 29/7/2017 | 20 |
| 2015-16 | കെ.എസ്.എ.-കെ.എൽ.എം./പി 10/57/17, തീയതി – 20/10/2017 | 17 |
| 2016 - 17 | കെ.എസ്.എ.- കെ.എൽ.എം./പി 10/1/18 തീയതി – 2/2/2018 | 20 |
| 2017 - 18 | കെ.എസ്.എ.- കെ.എൽ.എം./പി 10/299/19 തീയതി – 7/5/2019 | 9 |

**ഡെപ്യൂട്ടി ഡയറക്ടർ**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം**

# <u>അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം, 2018 - 2019</u>

**കെ.എസ്.എ. കെ.എൽ.എം - പി.-10/430/2020**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

ഫോൺ. 0474-2740141

E-mail: doklm.ksad@kerala.gov.in

തീയതി -20/05/2020

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4- ാംവകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കൊല്ലം ജില്ലയിലെ **പടിഞ്ഞാറെകല്ലട ഗ്രാമ പഞ്ചായത്തിന്റെ 2018-19** വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **പടിഞ്ഞാറെകല്ലട ഗ്രാമപഞ്ചായത്തിന്റെ 2018-19** ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

***ഡെപ്യൂട്ടി ഡയറക്ടർ***

***കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,***

***ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.***

No.KSA.KLM.10/430/2020 , Dated –26.8.2019

## AUDIT CERTIFICATE 2018-19

Certified that I have examined the Annual Financial Statement of **West Kallada Grama Panchayath** for the year ended on 31.03.2019 in Kollam District in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of The Kerala Panchayat Raj Act 1994; the rule made there under and the guidelines issued by The Comptroller and the Auditor General of India for the Certification of Accounts of Panchayat Raj Institutions.

In my opinion the financial statements of **West Kallada Grama Panchayath** for the year **2018-19** subject to the observations in the Annexure, properly presents the picture of income, expenditure and closing balance.

DEPUTY DIRECTOR

Kerala State Audit Department

District Office, Kollam

# അനുബന്ധം-2 അനുബന്ധപത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

**ഡെപ്യൂട്ടി ഡയറക്ടർ**

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്